ടെലിഫോൺ : 0471-2512662, 9496551719
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
ഫാക്സ് : 0471-2305891
E-mail: cpst@niyamasabha.org
Website: www.niyamasabha.org

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്
# പാർലമെന്ററി പഠന പരിശീലന കേന്ദ്രം

തിരുവനന്തപുരം,
03.02.2018.

നമ്പർ : 584/സി.പി.എസ്.ടി ബി-2/2018/നി.സെ

## വിജ്ഞാപനം

**വിഷയം :- കേരള നിയമസഭാ സെക്രട്ടേറിയറ്റ് - പാർലമെന്ററി പഠന പരിശീലന കേന്ദ്രം - സർട്ടിഫിക്കറ്റ് കോഴ്സിന്റെ 2017 ബാച്ചിലെ പഠിതാക്കൾക്കായി മാതൃകാ നിയമസഭ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.**

...............

പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ 2017 ബാച്ചിലെ പഠിതാക്കൾക്കായി ഒരു മാതൃകാ നിയമസഭ 2018 ഫെബ്രുവരി 14 (ബുധനാഴ്ച) രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 12.30 വരെ ഗവ. സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിൽ സംഘടിപ്പിക്കുന്നതാണ്. പരിപാടിയിൽ പങ്കെടുക്കുന്നവർക്കുള്ള പരിശീലന പരിപാടി 2018 ഫെബ്രുവരി 12, 13 തീയതികളിൽ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിക്കുന്നതാണ്. മാതൃകാനിയമസഭയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു.

പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിനായി താൽപര്യമുള്ള പഠിതാക്കൾ അക്കാര്യം ഇ-മെയിൽ (cpstb@niymasabha.nic.in), എസ്.എം.എസ് (9496551719), ഫോൺകാൾ (0471-2512662, 9496551719) എന്നിവയിലേതെങ്കിലും മുഖേന 2018 ഫെബ്രുവരി 5 വൈകുന്നേരം 5 മണിക്ക് മുൻപായി പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**എസ്. ബിന്ദു,**
ജോയിന്റ് സെക്രട്ടറി.

# കേരള നിയമസഭ

# പാർലമെന്ററി പഠന പരിശീലന കേന്ദ്രം

## മാതൃകാ നിയമസഭ

### മാർഗ്ഗനിർദ്ദേശങ്ങൾ

1. പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ പഠിതാക്കളിൽ ജനാധിപത്യബോധവും പാർലമെന്ററി നടപടികളിലുള്ള അറിവും വളർത്തുന്നതിനായി 2018 ഫെബ്രുവരി 14-ന് സർട്ടിഫിക്കറ്റ് കോഴ്സിന്റെ നാലാമത് ബാച്ചിലെ പഠിതാക്കൾക്കായി ഒരു മാതൃകാ നിയമസഭ സംഘടിപ്പിക്കുന്നു.

2. പരിപാടിയിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്ന പഠിതാക്കൾ അക്കാര്യം ഇ-മെയിൽ (cpstb@niymasabha.nic.in), എസ്.എം.എസ് (9496551719), ഫോൺകാൾ (0471-2512662, 9496551719) എന്നിവ വഴി 2018 ഫെബ്രുവരി 5-ന് വൈകുന്നേരം 5.00 മണിക്ക് മുൻപായി പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

3. മാതൃകാ നിയമസഭ 2018 ഫെബ്രുവരി 14 (ബുധനാഴ്ച) രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 12.30 മണി വരെ ഗവ. സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിൽ സംഘടിപ്പിക്കുന്നതാണ്. പരിപാടിയിൽ പങ്കെടുക്കുന്നവർക്കുള്ള പരിശീലന പരിപാടി 2018 ഫെബ്രുവരി 12, 13 തീയതികളിൽ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിക്കുന്നതാണ്.

4. 2018 ഫെബ്രുവരി 12, 13 തീയതികളിലെ പരിശീലന പരിപാടികളിൽ പൂർണ്ണമായും പങ്കെടുക്കുന്നവരിൽനിന്നും സി.പി.എസ്.ടി തിരഞ്ഞെടുക്കുന്നവരെ മാത്രമെ 2018 ഫെബ്രുവരി 14-നുള്ള മാതൃകാ നിയമസഭയിൽ സജീവമായ റോളിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.

5. പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

6. പരിപാടിയിൽ പങ്കെടുക്കുന്നതിന് റ്റി.എ/ഡി.എ/താമസസൗകര്യം മുതലായവ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നൽകുന്നതല്ല.

7. പരിപാടി സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി പാർലമെന്ററി പഠന പരിശീലന കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.

Centre for Parliamentary Studies and Training,
Room No. 739, Assembly Building, Legislature Complex,
Vikas Bhavan P.O., Thiruvananthapuram - 695033.
Phone : 0471 2512662, 2512585, 2512638 Fax : 0471 2512375
E-mail : cpstb@niyamasabha.nic.in

*******